"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിലെ ഫാർമസി അറ്റൻഡർ ശ്രീ.ഡൊമിനിക് ജെ. ക്ക് ടിയാളുടെ ഭാര്യയുടെ ചികിത്സാർത്ഥം തിരുവനന്തപുരം ജില്ലയിലെ കിംസ് ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.347/2026/AYUSH തീയതി,തിരുവനന്തപുരം, 03-07-2026

---

പരാമർശം:-
1. സ.ഉ.(പി) നം.144/2013/H&FWD, തീയതി 22.04.2013.
2. സ.ഉ.(കൈ) നം.122/2020/ധന, തീയതി 23.11.2020.
3. സ.ഉ.(അച്ചടി) നം.120/2025/ധന, തീയതി 03.10.2025.
4. ശ്രീ.ഡൊമിനിക് ജെ. സമർപ്പിച്ച 25.02.2021 ലെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷ.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.12.2021 ലെ (എൽ.ഡിസ്) എം.ആർ1-22122/2021/ആ.വ.ഡ. നമ്പർ കത്ത്.
6. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 25.02.2022, 21.04.2026 തീയതികളിലെ DISM/520/2021-G3 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിലെ ഫാർമസി അറ്റൻഡറായ ശ്രീ.ഡൊമിനിക് ജെ, ടിയാളുടെ ഭാര്യയുടെ ചികിത്സാർത്ഥം തിരുവനന്തപുരം ജില്ലയിലെ കിംസ് ആശുപത്രിയിൽ 20.01.2021 മുതൽ 23.01.2021 വരെയുള്ള കാലയളവിൽ ചെലവായ തുക റീഇമ്പേഴ്സ് ചെയ്യുന്നതിനായി പരാമർശം (4) പ്രകാരം സമർപ്പിച്ച മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷ, ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് അനുവദനീയമായ തുക 48,751/- രൂപയാണെന്ന് പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ടെന്നും ടി തുക അനുവദിച്ച് നൽകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. ശ്രീ.ഡൊമിനിക് ജെ. യുടെ ഭാര്യ ശ്രീമതി ബിബിയാന ഡൊമനിക് - ന് തിരുവനന്തപുരം ജില്ലയിലെ കിംസ് ആശുപത്രിയിൽ നിന്നും ലഭ്യമായ ചികിത്സ, പരാമർശം (1) പ്രകാരം, ചികിത്സാ ചെലവുകൾ പ്രതിപൂരണം ചെയ്യുന്നതിന് അർഹമാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിലെ ഫാർമസി അറ്റൻഡർ ശ്രീ.ഡൊമിനിക് ജെ. ടിയാളുടെ ഭാര്യയുടെ ചികിത്സയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് രേഖകളുടെയും, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള ശിപാർശയുടേയും,

പരാമർശം (2), (3) സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ, ടിയാളുടെ പരാമർശം (4) പ്രകാരമുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് അപേക്ഷ പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലെ കിംസ് ആശുപത്രിയിൽ 20.01.2021 മുതൽ 23.01.2021 വരെ ചികിത്സക്കായി ചെലവായ 1,01,186/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം അനുവദനീയമെന്ന് കണ്ടെത്തിയ തുകയായ 48,751/-രൂപയുടെ 80% തുകയായ 39,001/-രൂപ (മുപ്പത്തൊമ്പതിനായിരത്തി ഒന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VIJAIRAJ J

ജോയിന്റ് സെക്രട്ടറി

1. ശ്രീ.ഡൊമിനിക് ജെ., ഫാർമസി അറ്റൻഡർ, സർക്കാർ ആയുർവേദ ആശുപത്രി, കൊല്ലം (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
2. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷയും, ബില്ലുകളും, അനുബന്ധ രേഖകളും സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് (G2/1719/2022-HEALTH തീയതി 28.10.2022)
5. ധനകാര്യ (ലോൺസ്) വകുപ്പ് (2310242/Loans-L1/6/2023/FIN തീയതി 24.06.2026)
6. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/80/2022-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 03-07-2026 15:22:54

സെക്ഷൻ ഓഫീസർ

പകർപ്പ് -

ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്

ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എസ്സ്